പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2827 12.10.2011-ൽ മറുപടിയ്ക്ക്

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 'സേവന' പദ്ധതി സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.കെ.സി ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |

(എ) ബാലുശ്ശേരി ഭക്ഷ്യസംസ്കരണ കേന്ദ്രവും ബ്ലോക്ക് പഞ്ചായത്തും കുടുംബശ്രീ മിഷനും ചേർന്ന് നടപ്പിലാക്കുന്ന 'സേവന' പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശിക്കാമോ ;

(എ) ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 'സേവന' പ്രോജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഇതുവരെ സ്വീകരിച്ച നടപടികൾ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നും ധനസമാഹരണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ, പ്രോജക്ട് വിജയകരമായി നടപ്പിലാക്കുന്നതിന് തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ പ്രോജക്ടിൽ പങ്കാളികളാകുന്നതിന് ഉദ്ദേശിച്ചിട്ടുള്ള വിവിധ ഏജൻസികൾ സ്വീകരിയ്ക്കേണ്ട നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും പ്രൊപ്പോസലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുകയാണെങ്കിൽ യോഗം വിളിച്ചുചേർക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഓരോ ഏജൻസിയും എത്ര വീതം തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ ?

(ബി) സേവന പ്രോജക്ട് നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളിൽ നിന്നും ഉദ്ദേശിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് | - 500000/- രൂപ |
| 2. | സംസ്ഥാന വിഹിതം | -1280000/- രൂപ |
| 3. | ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | -1089189/- രൂപ |
| 4. | ഗുണഭോക്തൃ വിഹിതം | - 500000/-രൂപ |
| 5. | ജില്ലാ പഞ്ചായത്ത് വിഹിതം | - 53750/-രൂപ |
| | **ആകെ** | **3422939/- രൂപ** |

ഇതേവരെ 4,93,556 രൂപ ബ്ലോക്ക് പഞ്ചായത്ത്ചെലവഴിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ